കേരള സംഗീത നാടക അക്കാദമി

# അമേച്വർ നാടകോത്സവം

നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി

സംഘാടനം: **നാട്ടകം സാംസ്കാരികവേദി ബേഡകം, കാസർകോട്**

**2023 സെപ്തംബർ 20 മുതൽ 23 വരെ,**
**വൈകുന്നേരം 6.30ന്**

ഇ.എം.എസ്. അക്ഷരഗ്രാമം പീപ്പിൾസ് ഓഡിറ്റോറിയം, മുന്നാട്

കേരള സംഗീത നാടക അക്കാദമി

# അമേച്വർ നാടകോത്സവം

**നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി**

സുഹൃത്തേ,

വിശ്വകലാചരിത്രത്തിലെ പ്രാചീനമായ കലാമാധ്യമങ്ങളിലൊന്നാണെങ്കിലും ആധുനിക വർത്തമാനകാലജീവിതത്തിന്റെപോലും സംഘർഷങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം ആവിഷ്കരിക്കുന്നതിന് ഏറ്റവും ശക്തമായ മാധ്യമമായി നിലനില്ക്കുന്നുവെന്നതാണ് അവതരണകലയെന്ന നിലയിൽ നാടകത്തെ എന്നും അദ്വിതീയമാക്കുന്നത്. നാടോടിയും ശാസ്ത്രീയവും ആനുകാലികവുമായ എല്ലാ കലാവിഷ്കാരങ്ങളെയും ഉൾകൊള്ളുമ്പോഴും അത്രമേൽ ജനകീയമായ ഒരു സ്വതന്ത്ര അവതരണരൂപമായി ഇന്നത്തെ അമേചർ നാടകം വളർന്ന് വികാസം പ്രാപിച്ചിട്ടുണ്ട്. കേരളത്തിന്റെ അമേചർ നാടകധാര തന്നെയാണ് നമ്മുടെ പരീക്ഷണനാടകങ്ങളുടെയും രാഷ്ട്രീയ നാടകങ്ങളുടെയുമെല്ലാം ഭൂമിക. ഇന്ന് ലോകം അറിയുന്ന എത്രയോ നാടകപ്രതിഭകളെ സംഭാവന ചെയ്യാൻ സാധിച്ച മലയാള അമേചർ നാടക വേദിയുടെ ചരിത്രപരമായ കുതിപ്പിനൊപ്പം സഞ്ചരിക്കുന്നതിന് കേരള സംഗീത നാടക അക്കാദമിക്ക് അതിന്റെ ആരംഭകാലം മുതൽ സാധിച്ചിട്ടുണ്ട്. ആ ഉത്തരവാദിത്തത്തിന്റെ തുടർച്ചയായി കേരള സംഗീത നാടക അക്കാദമി അമേചർ നാടക നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടത്തിൽ 25 നാടകങ്ങളും രണ്ടാംഘട്ടത്തിൽ 20 നാടകങ്ങളുമായി ആകെ 45 അമേചർ നാടകങ്ങളാണ് അക്കാദമിയുടെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളത്. ഒരു നാടകത്തിന് രണ്ട് ലക്ഷം രൂപയാണ് അക്കാദമി അനുവദിക്കുന്നത്.

രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു നാടകത്തിന്റെ രണ്ട് അവതരണങ്ങളുമായി തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തെരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിൽ 40 അവതരണങ്ങളുമായി കേരള സംഗീത നാടക അക്കാദമി വീണ്ടും ജനങ്ങളിലേയ്ക്ക് എത്തുകയാണ്.

കാസർകോട് ജില്ലയിലെ ബേഡകത്തെ നാട്ടകം സാംസ്കാരികവേദിയുമായി സഹകരിച്ച് സെപ്തംബർ 20 മുതൽ 23 വരെ മുന്നാട് ഇ.എം.എസ്. അക്ഷരഗ്രാമം പീപ്പിൾസ് ഓഡിറ്റോറിയത്തിൽ വിവിധ അനുബന്ധപരിപാടികളോടെ സംസ്ഥാന അമേചർ നാടകോത്സവം സംഘടിപ്പിക്കുന്നു.

**സെപ്തംബർ 20 ന് വൈകുന്നേരം 5.30 ന് സംഘാടകസമിതി ചെയർമാൻ** സിജി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ **അക്കാദമി സെക്രട്ടറി** **കരിവെള്ളൂർ മുരളി** നാടകോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. സെപ്തംബർ 20 മുതൽ 23 വരെ നാലുദിവസങ്ങളിൽ വൈകുന്നേരം 6.30 ന് വ്യത്യസ്തങ്ങളായ നാല് രംഗാവതരണങ്ങൾ അരങ്ങിലെത്തും. അക്കാദമിയുടെ നാടകരാവുകളിലേയ്ക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**മട്ടന്നൂർ ശങ്കരൻകുട്ടി**
ചെയർമാൻ

**കരിവെള്ളൂർ മുരളി**
സെക്രട്ടറി

## കാര്യപരിപാടി

**2023 സെപ്തംബർ 20, വൈകുന്നേരം 5.30ന്**

**ഇ.എം.എസ്. അക്ഷരഗ്രാമം പീപ്പിൾസ് ഓഡിറ്റോറിയം, മുന്നാട്**

| | | |
|---|---|---|
| സ്വാഗതം | : | **വി.കെ. അനിൽകുമാർ**<br>പ്രോഗ്രാം ഓഫീസർ, കേരള സംഗീത നാടക അക്കാദമി |
| അദ്ധ്യക്ഷൻ | : | **സിജി മാത്യൂ**<br>ചെയർമാൻ, സംഘാടകസമിതി |
| ഉദ്ഘാടനം | : | **കരിവെള്ളൂർ മുരളി**<br>സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി |
| സാന്നിദ്ധ്യം | : | **എം. ധന്യ**<br>പ്രസിഡണ്ട്, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് |
| | | **മുരളി പയ്യങ്ങാനം**<br>പ്രസിഡണ്ട്, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് |
| | | **എം. അനന്തൻ**<br>രക്ഷാധികാരി, സംഘാടകസമിതി |
| | | **ഇ.പി. രാജഗോപാലൻ**<br>മെമ്പർ, കേരള സംഗീത നാടക അക്കാദമി |
| | | **രാജ്മോഹൻ നീലേശ്വരം**<br>മെമ്പർ, കേരള സംഗീത നാടക അക്കാദമി |
| നന്ദി | : | **ഉദയൻ കുണ്ടംകുഴി**<br>ജനറൽ കൺവീനർ, സംഘാടകസമിതി |



## അവതരണക്രമം

| | | | |
|---|---|---|---|
| 2023<br>സെപ്തംബർ<br>**20**<br>ബുധൻ | നാടകം<br>**ദാസരീയം**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**സേതുമാധവൻ കെ.വി.**<br>സംവിധാനം<br>**എ. രത്നാകരൻ** | **അവതരണം**<br>സേവക് പുതിയറ,<br>പുതിയറ പി. ഒ.,<br>കോഴിക്കോട് - 673 004. |
| 2023<br>സെപ്തംബർ<br>**21**<br>വ്യാഴം | നാടകം<br>**നിലാവെളിച്ചം**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**രഞ്ജിത്ത് ശിവ**<br>സംവിധാനം<br>**സന്ദീപ് സതീഷ്** | **അവതരണം**<br>അമ്മ കലാക്ഷേത്ര<br>പല്ലിശ്ശേരി,<br>ആറാട്ടുപുഴ പി.ഒ.,<br>തൃശൂർ - 680 562. |
| 2023<br>സെപ്തംബർ<br>**22**<br>വെള്ളി | നാടകം<br>**സ്വർഗ്ഗം**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**രഞ്ജിത്ത് ഡിങ്കി**<br>സംവിധാനം<br>**രഞ്ജിത്ത് ഡിങ്കി** | **അവതരണം**<br>പ്രകാശ് കലാകേന്ദ്രം,<br>നീരാവിൽ,<br>പെരിനാട് പി.ഒ.,<br>കൊല്ലം - 691 601. |
| 2023<br>സെപ്തംബർ<br>**23**<br>ശനി | നാടകം<br>**സ്പോൺസേർഡ് ബൈ**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**വിമീഷ് മണിയൂർ**<br>സംവിധാനം<br>**ഷിനിൽ വടകര** | **അവതരണം**<br>ജോളി ആർട്സ്,<br>നെരുവമ്പം,<br>പഴയങ്ങാടി പി.ഒ.,<br>കണ്ണൂർ - 670 303. |


**കേരള സംഗീത നാടക അക്കാദമി**

തൃശൂർ – 680 020

ഫോൺ: 0487 2332134, 2332548, 2327427 മൊബൈൽ നമ്പർ: 7736922245, 9447092134 (വാട്സ്ആപ്പ്)

e-mail: ksnakademi@gmail.com I www.keralasangeethanatakaakademi.in